(സി) തീരപ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിന് കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ പരിമിതമായ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കടൽഭിത്തിയും നിലവിലുള്ള കടൽഭിത്തിയുടെ അറ്റകുറ്റപ്പണികളും നടത്തിവരുന്നു. അടിയന്തിരഘട്ടങ്ങളിൽ കടലാക്രമണഭീഷണിയുള്ളതും കടൽഭിത്തിയില്ലാത്തതുമായ പ്രദേശങ്ങളിൽ മണൽചാക്ക് അടുക്കിയും, കരിങ്കൽചിറ നിർമ്മിച്ചും മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കടലാക്രമണം പോലുള്ള പ്രകൃതിക്ഷോഭങ്ങൾ സ്ഥിരമായി നിയന്ത്രിക്കാൻ പ്രയാസമാണ്. കടൽഭിത്തി കെട്ടിയും, കടൽഭിത്തി സംരക്ഷിച്ചും കടലാക്രമണ ഭീഷണി ഒരുപരിധി വരെ നിയന്ത്രിക്കാവുന്നതാണ്. നിർമ്മാണം പൂർത്തിയാക്കിയ കടൽഭിത്തി കൂടാതെ 86 കി.മീ. നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മാണത്തിനും, 37 കി.മീ. നീളത്തിൽ പഴയ കടൽഭിത്തിയുടെ പുനർനിർമ്മാണത്തിനുമായി 262.20 കോടി രൂപയുടെ പുതുക്കിയ പദ്ധതി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്.

(ഇ) 16.18 കിലോമീറ്റർ.

(എഫ്) ഇപ്പോൾ നൽകുന്നില്ല.

(ജി) 262.20 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയത് സജീവപരിഗണനയിലാണെന്ന് അറിയുന്നു.

കേന്ദ്ര സർക്കാരിന്റെ പുതിയ വൈദ്യുതി നയം

7 (*36) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വൈദ്യുതി നയം വൈദ്യുതി ബോർഡുകളുടെ അധികാരം മാറ്റിമറിക്കുകയും സ്വകാര്യവൽക്കരണം നടപ്പാക്കുകയും ചെയ്യുമെന്ന് സംസ്ഥാന സർക്കാർ കരുതുന്നുണ്ടോ ;

(ബി) വൈദ്യുതി നിരക്ക് സംബന്ധിച്ച് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ എടുക്കുന്ന തീരുമാനങ്ങൾ എല്ലാ സംസ്ഥാനങ്ങൾക്കും ഒരുപോലെ ബാധകമാകുമോ എന്നറിയിക്കുമോ ;

(സി) ഉൽപാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി നിരക്ക് നിശ്ചയിക്കണമെന്ന വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ;

(ഡി) ജലവൈദ്യുത പദ്ധതികളിൽ ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെയും താപനിലയങ്ങളിൽ ഉൽപാദിപ്പിക്കുന്ന ചെലവ് കൂടിയ വൈദ്യുതിയുടെയും താരിഫ് ഒരുപോലെ ആകാൻ സാദ്ധ്യതയുണ്ടോ ;

(ഇ) എങ്കിൽ സംസ്ഥാനത്ത് വൈദ്യുതി നിരക്കിൽ വലിയ വർദ്ധന ഉണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പാർലമെന്റിൽ അവതരിപ്പിക്കാൻ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്ന വൈദ്യുത ബിൽ വൈദ്യുതി ബോർഡുകൾ ഇല്ലാതാകുകയും, സ്വകാര്യവൽക്കരണം നടപ്പാക്കുകയും ചെയ്യുന്നതാണെന്ന് കരുതുന്നു.

(ബി) കരടു വൈദ്യുതി ബില്ലിന്റെ ഖണ്ഡികകൾ 37 1 (എ) യും 75 2 (എ) യും പ്രകാരം വൈദ്യുതി നിലയങ്ങളുടെയും പ്രസരണ ലയിനുകളുടെയും നിരക്ക് നിശ്ചയിക്കുന്നതിനുള്ള തത്വങ്ങളും രീതിയും കേന്ദ്ര റഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്നതും അത് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാകുന്നതുമാണ്.

(സി) ബില്ലിന്റെ 37-ാം വകുപ്പിൽ അപ്രകാരം പറഞ്ഞിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ബിൽ നടപ്പായാൽ വൈദ്യുതി നിരക്കിൽ വർദ്ധന ഉണ്ടാകുമെന്നാണ് കരുതുന്നത്.

പുറമ്പോക്കുകളിൽ താമസിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗം ജനങ്ങളെ പുനരധിവസിപ്പിക്കുവാൻ നടപടി

8 (*37) ശ്രീ. എൻ. കണ്ണൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുറമ്പോക്കുകളിൽ താമസിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗം ജനങ്ങളെ പുനരധിവസിപ്പിക്കുവാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഈ നടപടികളുടെ ഭാഗമായി ഇവർക്ക് സ്വന്തമായി വീട് നിർമ്മിച്ചു നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിന്റെ പ്രയോജനം സംസ്ഥാനത്ത് എത്ര പേർക്ക് ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ പുറമ്പോക്കുകളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ പുനരധിവാസത്തിനായി "പുറമ്പോക്ക് നിവാസികളുടെ പുനരധിവാസ പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ചു ജില്ലാപഞ്ചായത്ത് മുഖേന നടപ്പാക്കി വരുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly